## പതിനാലാം കേരള നിയമസഭ

### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:1826 14.8.2017-ൽ മറുപടിയ്ക്ക്

**വയനാട് ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റ് തസ്തിക**

| | ചോദ്യം | മറുപടി |
|---|---|---|
| | **ശ്രീ.വി.ജോയി** | **പിണറായി വിജയൻ** (മുഖ്യമന്ത്രി) |
| (എ) | വയനാട് ഗവൺമെന്റ് പ്രസ്സിലെ രണ്ടാം ഗ്രേഡ് ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ നിയമനവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 11.12.2009 ലെ സ്റ്റേ ഉത്തരവ് നീക്കുന്നതിന് എട്ടു വർഷമായിട്ടും നടപടി സ്വീകരിക്കാത്തത് ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | സ്റ്റേ ഒഴിവാക്കി കിട്ടുന്നതിന്എട്ടു വർഷക്കാലയളവിനുള്ളിൽ എത്ര പ്രാവശ്യം കോടതിയെ സമീപിച്ചുവെന്ന് വ്യക്തമാക്കാമോ; | ഡയറക്ടറേറ്റ് തലത്തിൽ, 3 തവണ, അഡ്വക്കേറ്റ് ജനറലിലോട് ,നിരോധന ഉത്തരവ് ഒഴിവാക്കി കിട്ടുന്നതിന്, നടപടി സ്വീകരിക്കാൻ അഭ്യർത്ഥിച്ചു കൊണ്ട്,കത്ത് നൽകിയിട്ടുണ്ട്. |
| (സി) | സ്റ്റേ നിലനിൽക്കുന്നതിനാൽ വയനാട് ഗവൺമെന്റ് പ്രസ്സിലെ ഓഫീസ് അറ്റൻഡന്റ് തസ്തികയിലെ ഒഴിവ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയാതെ വന്നിട്ടുള്ളതും അതു കാരണം പി.എസ്.സി റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കാത്ത സാഹചര്യങ്ങളുണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട് |

സെക്ഷൻ ഓഫീസർ